"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- കണ്ണൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജിയ്ക്ക് 2026-2027 സാമ്പത്തിക വർഷത്തെ ബജറ്റിൽ ട്രെയിനിംഗ് ഗ്രാന്റ് ഇനത്തിൽ ഭരണാനുമതി ലഭിച്ച 145 ലക്ഷം രൂപയിൽ റിലീസ് ചെയ്തു നൽകുവാൻ ബാക്കിയുള്ള തുകയിൽ നിന്നും 50 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (സി) വകുപ്പ്

സ.ഉ.(സാധാ) നം.1163/2026/ID തീയതി,തിരുവനന്തപുരം, 29-09-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം.777/2026/വ്യവ തീയതി 25.07.2026.

2. സ.ഉ.(സാധാ) നം.958/2026/വ്യവ തീയതി 17.08.2026.

3. കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറുടെ 02.09.2026 തീയതിയിലെ എച്ച്.എൽ/375/2025-എഫ് നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജിയ്ക്ക് (ഐ.ഐ.എച്ച്.ടി.) ട്രെയിനിംഗ് ഗ്രാൻ്റായി 1,45,00,000/- രൂപ (നൂറ്റിനാൽപ്പത്തി അഞ്ച് ലക്ഷം രൂപ) നടപ്പു സാമ്പത്തിക വർഷത്തെ 2851-00-103-74(P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2) ഭരണാനുമതി ലഭിച്ച 145 ലക്ഷം രൂപയിൽ 50 ലക്ഷം രൂപ പരാമർശം (2) ഉത്തരവ് പ്രകാരം 2851-00-103-74(P) എന്ന ശീർഷകത്തിൽ നിന്നും ട്രെയിനിംഗ് ഗ്രാൻ്റ് ഇനത്തിൽ ഐഐ.എച്ച്.റ്റി കണ്ണൂരിന് റിലീസ് ചെയ്ത് നൽകിയിരുന്നു.

3) ഭരണാനുമതി ലഭിച്ച 145 ലക്ഷം രൂപയിൽ റിലീസ് ചെയ്തു നൽകുവാൻ ബാക്കിയുള്ള തുകയായ 95 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകുന്നതിനുള്ള

നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജിയ്ക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരം 2026-27 സാമ്പത്തിക വർഷം 2851-00-103-74(P) എന്ന ശീർഷകത്തിൽ നിന്നും ഭരണാനുമതി നൽകിയ 145 ലക്ഷം രൂപയിൽ റിലീസ് ചെയ്തു നൽകുവാൻ ബാക്കിയുള്ള 95 ലക്ഷം രൂപയിൽ നിന്നും 50 ലക്ഷം രൂപ (അമ്പത് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2851-00-103-74(P) ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും റീലീസ് ചെയ്ത് കണ്ണൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജിയ്ക്ക് നൽകുന്നതിന് കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

5) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജിയ്ക്ക് റിലീസ് ചെയ്തു നൽകുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് നടപ്പ് സാമ്പത്തിക വർഷം തന്നെ കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

അഡീഷണൽ ചീഫ് സെക്രട്ടറി

കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ.ഐ.എച്ച്.ടി, കണ്ണൂർ.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (E 3590258/I&PW-A3/66/2026-Fin).

ഐ & പി.ആർ. വകുപ്പ്( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Indulekha C
Date: 30-09-2026
10:44:03

സെക്ഷൻ ഓഫീസർ